⇨ *2011ൽ ഫുക്കുഷിമ അപകടം നടന്നതോടെയാണ് കൂടംകുളത്തെ സമരം വീണ്ടും ശക്തമാകുന്നത്* ⇨

# സംഭാഷണങ്ങൾ ഇല്ലാതായാൽ ഫാസിസം ശക്തിപ്രാപിക്കും

ഊർജ്ജോത്പാദനത്തിൽ കൂടംകുളം അടക്കമുള്ള ആണവനിലയം പരാജയപ്പെട്ടിരിക്കുന്നു എന്ന വസ്തുത മറച്ചുവച്ച്, സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സ്ഥിരമായി അസത്യപ്രചരണങ്ങൾ നടത്തുന്ന വികസന ഫാസിസത്തെക്കുറിച്ച് സംസാരിക്കുന്നു കൂടംകുളം ആണവനിലയ വിരുദ്ധ സമരനായകൻ.

**എസ്.പി. ഉദയകുമാർ**

2014 ഫെബ്രുവരി 1ന് തൃശൂരിൽ വച്ച് നടന്ന ജനാധിപത്യ അവകാശ കൺവെൻഷനിൽ സംസാരിച്ചത്.

**കേരളത്തിൽ** മാത്രമല്ല എല്ലാ സംസ്ഥാനങ്ങളിലും ജനാധിപത്യ അവകാശങ്ങൾ ഹനിക്കപ്പെടുക എന്നത് വലിയൊരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. 2011 സെപ്തംബറിലാണ് കൂടംകുളത്ത് വലിയ രീതിയിലുള്ള സമരം ഞങ്ങൾ ആരംഭിക്കുന്നത്. അതിനു മുമ്പ് 10 വർഷമായി കൂടംകുളത്ത് ആണവനിലയം നിർമ്മിക്കരുതെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ പല രൂപത്തിലുള്ള സമരങ്ങൾ നടത്തിയിരുന്നു. അത്തരം സമരങ്ങളെയെല്ലാം അവഗണിക്കുക എന്നതായിരുന്നു അന്ന് ഭരണകൂടത്തിന്റെ നിലപാട്. 2011ൽ ഫുക്കുഷിമ അപകടം നടന്നതോടെയാണ് കൂടംകുളത്തെ സമരം വീണ്ടും ശക്തമാകുന്നത്. ഫുക്കുഷിമ ദുരന്തത്തിന്റെ വ്യാപ്തി പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞതോടെ ആളുകൾ വല്ലാതെ ഭയപ്പെടുകയും സജീവമായി സമരരംഗത്ത് എത്തുകയും ചെയ്തു. 1986ൽ ചെർണോബിൽ ദുരന്തം നടന്ന സമയത്ത് അത്രത്തോളം വിവരങ്ങൾ നമുക്ക് ലഭിക്കുമായിരുന്നില്ലല്ലോ. ജനങ്ങൾ സമരത്തിലേക്ക് ഒഴുകിയെത്തിയതോടെ അവഗണിക്കുക എന്ന പരിപാടി സർക്കാർ ഉപേക്ഷിച്ചു. അധിക്ഷേപിക്കുക എന്നതായിരുന്നു പിന്നീട് അവരുടെ ആയുധം. വിദേശത്ത് നിന്നും ഒരുപാട് പണം വാങ്ങി ഇന്ത്യയുടെ വികസനത്തിന് എതിരായി നിൽക്കുന്നവരാണ് കൂടംകുളം സമരക്കാർ എന്നതായിരുന്നു പ്രധാന ആരോപണം. ഞാൻ 12 വർഷത്തോളം അമേരിക്കയിൽ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ ആ ആരോപണം വിശ്വസനീയമാണെന്ന് പലരും കരുതി. എന്നാൽ അമേരിക്കയിൽ നിന്നും ഞങ്ങൾ പണം വാങ്ങുന്നെന്ന് പറഞ്ഞ സർക്കാറിന് അതെങ്ങനെയെന്ന് ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. എന്തായാലും ബാങ്കിലൂടെയല്ലേ അമേരിക്കയിൽ നിന്നും പണം വരാൻ വഴിയുള്ളൂ. ഞാൻ ഒരു പ്രസ് മീറ്റിംഗ് നടത്തി എന്റെ എല്ലാ ബാങ്കിടപാടുകളും പരസ്യപ്പെടുത്തുകയുണ്ടായി. അനധികൃതമായി പണം വരുന്നിട്ടുണ്ടെങ്കിൽ എന്നെ ശിക്ഷിക്കാനും ആവശ്യപ്പെട്ടു. സർക്കാറിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കാരണം അവരുടെ ആരോപണം തീർത്തും വസ്തുതാവിരുദ്ധമായിരുന്നു. സമരത്തെ അധിക്ഷേപിക്കുകയും അതുവഴി ജനങ്ങൾക്കിടയിൽ ഞങ്ങൾക്കുള്ള വിശ്വാസം തകർക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം.



ജനാധിപത്യ അവകാശ കൺവെൻഷനിൽ എസ്.പി. ഉദയകുമാർ സംസാരിക്കുന്നു

ആ ശ്രമങ്ങൾ വിജയിക്കാതെ വന്നപ്പോൾ അക്രമിക്കുക എന്ന അടുത്ത പരിപാടിയിലേക്ക് അവർ കടന്നു. ചെറിയ കുട്ടികൾക്കായി എന്റെ ഭാര്യയുടെ മുൻകൈയിൽ നടത്തിയിരുന്ന സ്കൂളിൽ കയറി പോലീസ് അക്രമം നടത്തി. കുട്ടികളുടെ പുസ്തകങ്ങൾ കത്തിച്ചു. ഫർണിച്ചറുകൾ അടിച്ചുതകർത്തു. ഇത്തരത്തിൽ എന്റെ ഭാര്യയെ ഭീഷണിപ്പെടുത്തിയാൽ അവർ എന്നോട് സമരത്തിൽ നിന്നും പിന്മാറാൻ ആവശ്യപ്പെടും എന്നാണ് പോലീസ് കരുതിയത്. അതും വിജയിക്കാതെ വന്നപ്പോൾ പിന്നീട് കേസുകൾ ചാർജ്ജുചെയ്യാൻ തുടങ്ങി. 380 കേസുകളാണ് എനിക്കെതിരെയുള്ളത്. അതിൽ ഇരുപത് കേസുകൾ രാജ്യദ്രോഹ കുറ്റമാണ്. 121 എ, 124 എന്നീ വകുപ്പുകൾ. അതായത് രാജ്യത്തിനെതിരെ യുദ്ധം ചെയ്യുന്നു എന്ന കുറ്റം. തീർത്തും അഹിംസാത്മകമായ രീതിയിൽ നടത്തുന്ന ഒരു സമരത്തിനെതിരെയാണ് യുദ്ധം ചെയ്യുന്നു എന്ന പേരിൽ കേസെടുത്തിരിക്കുന്നത്. 2,27,000 പേർക്കെതിരെയാണ് ആകെ കേസെടുത്തിട്ടുള്ളത്. ഞങ്ങളുടെ സമരത്തിൽ വെറും മുന്നൂറോളം പേർ മാത്രമാണ് പങ്കെടുക്കുന്നത് എന്നതായിരുന്നു അതുവരെ സർക്കാർ ഉന്നയിച്ചിരുന്ന ആക്ഷേപം. എന്നാൽ കേസെടുത്തതോ രണ്ടുലക്ഷത്തോളം ആളുകൾക്കെതിരെ.

'അമേരിക്കൻ കൈക്കൂലി'യെന്ന് ഭരണകൂടം ഞങ്ങളെ വിളിച്ചു. എന്നാൽ അടുത്തിടെ അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ ഇന്ത്യ സന്ദർശിച്ചപ്പോൾ എല്ലാവർക്കും മനസ്സിലായി ആരാണ് ശരിക്കും 'അമേരിക്കൻ കൈക്കൂലി'യെന്ന്. ഒബാമ പറയുന്നിടത്തെല്ലാം മോദി ഒപ്പുവച്ചു. സോണിയാ ഗാന്ധിയും മകനും ഉൾപ്പെടെയുള്ള ഇന്ത്യയിലെ വമ്പൻ പണക്കാരെല്ലാം ഒബാമയെ ക്യൂ നിന്നുകണ്ട് തങ്ങളുടെ വിധേയത്വം പ്രകടിപ്പിച്ചു. അവരെല്ലാം രാജ്യസ്നേഹികൾ, ഞങ്ങൾ രാജ്യദ്രോഹികൾ. മൻമോഹൻ സിംഗിനേക്കാൾ മോശമായ രീതിയിൽ ഇന്ത്യയെ അമേരിക്കയ്ക്ക് വിറ്റുകൊണ്ടിരിക്കുകയാണ് ഇന്ത്യൻ നാഷണലിസം പറയുന്ന ബി.ജെ.പി സർക്കാർ.

എന്താണ് ദേശദ്രോഹം? ഇന്ത്യൻ പാർലമെന്റിൽ സിവിൽ ന്യൂക്ലിയർ ഡാമേജസ് ലയബിലിറ്റി ആക്ട് എന്നൊരു നിയമം പാസാക്കിയിട്ടുണ്ട്. ഒബാമയുമായുണ്ടാക്കിയ കരാറിനെ തുടർന്ന് അത് തിരുത്തിയെഴുതാൻ പോവുകയാണ്. ആണവനിലയത്തിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ റിയാക്ടർ സപ്ലൈ ചെയ്ത കമ്പനിക്ക് ഒരു തരത്തിലുമുള്ള ബാധ്യതയും ഉണ്ടായിരിക്കില്ല എന്നാണ് ഇപ്പോൾ ആ നിയമം പറയുന്നത്. സാധനങ്ങൾ വാങ്ങുമ്പോൾ അതിന് ഗ്യാരണ്ടി ഉണ്ടോ എന്ന് നമ്മൾ അന്വേഷിക്കാറുണ്ട്. ഗ്യാരണ്ടി ഉണ്ടെങ്കിൽ എന്തുസംഭവിച്ചാലും അതിന്റെ ഉത്തരവാദിത്തം കമ്പനി ഏറ്റെടുക്കും. എന്നാൽ ആണവ ബാധ്യതാ നിയമപ്രകാരം കോടിക്കണക്കിന് രൂപയുള്ള ആണവ റിയാക്ടറിന് ഒരു ഗ്യാരണ്ടിയും അത് സപ്ലൈ ചെയ്യുന്ന കമ്പനി തരേണ്ടതില്ല എന്നാണ് നമ്മുടെ നേതാക്കന്മാർ പറയുന്നത്. എന്തെങ്കിലും അപകടമുണ്ടാവുകയാണെങ്കിൽ റിയാക്ടർ നൽകിയ കമ്പനിക്ക് ഒരു ബാധ്യതയും ഇനിയും ഉണ്ടായിരിക്കില്ല. എല്ലാ ബാധ്യതകളും സർക്കാർ വഹിക്കും. അപകടത്തിനുള്ള നഷ്ടപരിഹാരം സർക്കാർ തന്നെ നൽകും. നമ്മുടെ കീശയിൽ നിന്നും കാശെടുത്ത് നമുക്ക് തന്നെ നൽകുന്ന പരിപാടിയാണിത്. ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനമാണ് ഇനി നഷ്ടം നൽകാൻ പോകുന്നത്. നമ്മൾ നൽകുന്ന നികുതി പണമെടുത്ത് നമുക്ക് നാം തന്നെ നഷ്ടപരിഹാരം നൽകും. അമേരിക്കൻ-റഷ്യൻ കമ്പനികൾ രക്ഷപെടും. ഭോപ്പാൽ ദുരന്തത്തിലും അതുതന്നെയാണ് സംഭവിച്ചത്. യൂണിയൻ കാർബൈഡ് കമ്പനിയുടെ ഉടമസ്ഥനായ വാറൻ ആൻഡേഴ്സൺ എന്ന അമേരിക്കക്കാരനെ അന്നത്തെ മധ്യപ്രദേശ് മുഖ്യമന്ത്രി അർജ്ജുൻ സിംഗും

പ്രധാനമന്ത്രി രാജീവ് ഗാന്ധിയും ചേർന്ന് നിമിഷങ്ങൾക്കകം പ്രത്യേകം വിമാനം ചാർട്ട് ചെയ്ത് രക്ഷപെടുത്തുകയായിരുന്നു. 93 വയസ്സുവരെ സുഖമായി ജീവിച്ച അദ്ദേഹം കുറച്ച് മാസങ്ങൾക്ക് മുമ്പാണ് മരിച്ചത്. എന്നാൽ എന്താണ് ഭോപ്പാൽ ദുരന്തത്തിന്റെ ഇരകളുടെ അവസ്ഥ. അവർക്ക് നാമമാത്രമായ നഷ്ടപരിഹാരം മാത്രമാണ് കിട്ടിയത്. ദുരന്തത്തിന്റെ വ്യാപ്തിയെക്കുറിച്ച് അറിവില്ലാതിരുന്ന പാവങ്ങൾ ഇപ്പോഴും മരിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾ വൈകല്യങ്ങളുള്ളവരായി ജനിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ നേതൃത്വങ്ങൾ നടത്തുന്ന വമ്പൻ കച്ചവടങ്ങൾക്കിടയിൽ സാധാരണ ജനങ്ങൾക്ക് കിട്ടുന്നത് ഇതെല്ലാമാണ്. അല്ലെങ്കിൽ എന്റെ വീട്ടിൽ നടക്കുന്നതുപോലെ, കേരളീയത്തിൽ നടന്നതുപോലെയുള്ള പോലീസ് റെയ്ഡുകൾ. കേരള പോലീസിനേക്കാൾ മോശമാണ് തമിഴ്നാട് പോലീസിന്റെ സ്ഥിതി. എന്റെ വീടിന്റെ ചുറ്റിലും നാലഞ്ച് പോലീസുകാർ ഏപ്പോഴുമുണ്ടാകും.

> ആണവനിലയങ്ങൾ എവിടെയും വിജയകരമായിരുന്നില്ല എന്ന സത്യം മറച്ചുവച്ചുകൊണ്ടാണ് സർക്കാർ ഞങ്ങളെ വികസന വിരുദ്ധരാക്കുന്നത്. എല്ലാ വികസിത രാജ്യങ്ങൾക്കും ആണവനിലയങ്ങളുണ്ട്. അതുകൊണ്ട് നമുക്കും സൂപ്പർ പവറാകണമെങ്കിൽ ആണവനിലയങ്ങൾ വേണം എന്ന് ചിന്തിക്കുന്നത് ഒരു കൊളോണിയൽ മാനോഭാവമാണ്.

ഞങ്ങളെ നിരീക്ഷിക്കുക എന്നതാണ് അവരുടെ ജോലി. ഞാൻ അവിടെയില്ലെങ്കിൽ 80 വയസ്സുള്ള അച്ഛനെയും 78 വയസ്സുള്ള അമ്മയെയും അവർ ചോദ്യം ചെയ്യും. ഞാൻ ഇടിന്തക്കരയിലാണ് ഉള്ളതെന്ന് അറിയാമെങ്കിലും എവിടെപോയെന്ന് ചോദിക്കും. ഇത്തരത്തിലുള്ള മാനസിക പീഢനങ്ങളിലൂടെ നമ്മളെ ഭയപ്പെടുത്താനാണ് ഭരണകൂടം ശ്രമിക്കുന്നത്.

വികസനത്തിന് എതിരാണ് എന്നതാണ് നമുക്കെതിരെ പൊതുവെ ആരോപിക്കപ്പെടുന്ന കുറ്റം. ദിവസവും കടലിൽ പോയി ആർക്കും ഒരുപദ്രവവും ചെയ്യാതെ മീൻ പിടിച്ചുകൊണ്ടുവരുന്നവർക്ക് ആണവനിലയം ഒരു വികസനമായി തോന്നുന്നില്ല. അമേരിക്കയല്ല അവരുടെ റോൾ മോഡൽ. ആണവനിലയങ്ങൾ എവിടെയും വിജയകരമായിരുന്നില്ല എന്ന സത്യം മറച്ചുവച്ചുകൊണ്ടാണ് സർക്കാർ ഞങ്ങളെ വികസന വിരുദ്ധരാക്കുന്നത്. എല്ലാ വികസിത രാജ്യങ്ങൾക്കും ആണവനിലയങ്ങളുണ്ട്. അതുകൊണ്ട് നമുക്കും സൂപ്പർ പവറാകണമെങ്കിൽ ആണവനിലയങ്ങൾ വേണം എന്ന് ചിന്തിക്കുന്നത് ഒരു കൊളോണിയൽ മാനോഭാവമാണ്. ഇന്ത്യയ്ക്ക് അത് അനുയോജ്യമല്ല എന്ന് ചൂണ്ടിക്കാണിക്കുമ്പോൾ നമ്മൾ തീവ്രവാദികളും ഫണ്ട് വാങ്ങുന്നവരുമായി മുദ്രകുത്തപ്പെടുന്നു.

ഇന്ത്യ ജനസാന്ദ്രത കൂടിയ സ്ഥലമാണ്. ഫുക്കുഷിമ പോലെയുള്ള ഒരു ദുരന്തം ഇവിടെ സംഭവിച്ചാൽ അതിലേറെ നഷ്ടങ്ങൾ നമുക്കുണ്ടാകും. "ഇന്ത്യയിൽ ഇതുവരെ ആണവദുരന്തങ്ങളൊന്നും ഉണ്ടായിട്ടില്ലോ, അതുകൊണ്ട് ഇനി കുഴപ്പമൊന്നുമുണ്ടാകില്ല" എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. എന്നാൽ ആണവനിലയത്തിൽ നിന്നും വായുവിലേക്ക് പടരുന്ന സീസിയം, അയോണിയം, ടെലൂറിയം, സ്റ്റോൺജിയം എന്നിങ്ങനെയുള്ള റേഡിയോ ആക്ടീവ് പദാർത്ഥങ്ങൾ എവിടെ പോകുന്നു എന്നത് അവർക്ക് പ്രശ്നമേയല്ല. കൂടംകുളം നിലയത്തിൽ നിന്നും വരുന്ന ഇത്തരം റേഡിയോ ആക്ടീവ് കണികകൾ തമിഴ്നാടിന്റെ മറ്റ് ഭാഗങ്ങളിലേക്കും കേരളത്തിലേക്കും പിന്നെ ശ്രീലങ്കയിലേക്കും പോകുന്നുണ്ട്. ഒരു ദിവസം 9000 കോടി ലിറ്റർ ജലം കടലിൽ നിന്നെടുത്ത് ആണവനിലയത്തിലെ റേഡിയേറ്റർ തണുപ്പിച്ച് വീണ്ടും കടലിലേക്ക് വിടുന്നുണ്ട്. ഇത്തരത്തിൽ തിരികെ കടലിലേക്ക് വിടുന്ന വെള്ളത്തിൽ അയണൈസിംഗ് കണികകൾ ഉണ്ടാകും എന്നുമാത്രമല്ല അതിന് ചൂട് കൂടുതലായിരിക്കുകയും ചെയ്യും. ഇത് കടലിലെ ജൈവഘടനയെ സാരമായി ബാധിക്കും. മത്സ്യസമ്പത്ത് കുറയാൻ കാരണമാകും. സമാധാനമായി മീൻപിടിച്ച് ജീവിക്കാൻ കഴിയാത്ത അവസ്ഥവരും. ഇത്തരം യാഥാർത്ഥ്യങ്ങൾ പറഞ്ഞാൽ എങ്ങനെയാണ് വികസന വിരോധികളാകുന്നത്?

ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല. കൂടംകുളത്ത് എട്ട് റിയാക്ടറുകളുള്ള ന്യൂക്ലിയർ പാർക്ക് നിർമ്മിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൽപ്പാക്കത്തും ഇതുപോലെയുള്ള ഒരു പാർക്ക് ഉദ്ദേശിക്കുന്നുണ്ട്. ആന്ധ്രയിലെ കൗവാടയിൽ അമേരിക്കൻ സഹായത്തോടെ ഒരു പവർ പാർക്ക് ഉദ്ദേശിക്കുന്നു. ഒറീസയിലെ പതിസേനാപൂ

രിലും ബംഗാളിലെ ഹരിപൂരിലും റഷ്യൻ നിലയങ്ങൾ വരാൻ പോകുന്നു. കർണാടകയിലെ കൈഗയിലും മഹാരാഷ്ട്രയിലെ ജെയ്താപൂരിലും ഗുജറാത്തിലെ മീത്തിവിർദിയിലും പുതിയ നിലയങ്ങൾ വരുന്നുണ്ട്. കേരളം തത്കാലം രക്ഷപെട്ടിരിക്കുകയാണ്. 40 ശതമാനം കുട്ടികൾ പോഷകകുറവ് കാരണം ഭാരക്കുറവോടെ ജനിക്കുന്ന രാജ്യത്താണ് ഇത്രയധികം ആണവനിലയങ്ങൾ വിദേശസഹായത്തോടെ വരാൻ പോകുന്നത്. ഈ ഭാരക്കുറവിന്റെ കണക്ക് ഞാൻ പറഞ്ഞതല്ല. മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് തന്നെ പാർലമെന്റിൽ പറഞ്ഞതാണ്. അതും സ്വാതന്ത്ര്യം ലഭിച്ച് 67 വർഷം പിന്നിട്ടപ്പോൾ. ഭക്ഷ്യസുരക്ഷയും പോഷക സുരക്ഷയും ഇപ്പോഴും സർക്കാറിന്റെ പരിഗണനാവിഷയമേയല്ല. ഊർജ്ജസുരക്ഷയാണ് അവർക്ക് പ്രധാനം. അബ്ദുൾ കലാമിനെ പോലെയുള്ളവർ 'എനർജി ഇൻഡിപെൻഡൻസ്' എന്നാണ് ഇതിനെ വിളിക്കുന്നത്. നല്ലവെള്ളം കുടിക്കാൻ കിട്ടാത്തപ്പോഴും 60 കോടി ഗ്രാമീണർ ഇപ്പോഴും കക്കൂസില്ലാതെ കഴിയുമ്പോഴും ദേശസുരക്ഷ, സൈനീക സുരക്ഷ, ഊർജ്ജ സുരക്ഷ, സാമ്പത്തിക സുരക്ഷ എന്നെല്ലാം പറഞ്ഞ് ഊറ്റം കൊള്ളുകയാണ് ഇന്ത്യൻ ഭരണവർഗ്ഗം. ഇതൊക്കെ പറഞ്ഞാൽ നമ്മൾ ദേശദ്രോഹികളാകും.

രണ്ട് മാസം മുമ്പ് ഇതുപോലെയുള്ള ഒരു മനുഷ്യാവകാശ സമ്മേളനത്തിൽ സംസാരിക്കുന്നതിനായി എനിക്ക് നേപ്പാളിൽ പോകാൻ ക്ഷണം ലഭിച്ചു. മൂന്ന് വർഷമായി എന്റെ പാസ്പോർട്ട് പിടിച്ചുവച്ചിട്ടുള്ളതിനാൽ മറ്റെവിടേക്കും പോകാൻ പറ്റാറില്ല. എന്റെയും ഭാര്യയുടെയും എല്ലാ ബാങ്ക് അക്കൗണ്ടുകളും മരവിപ്പിച്ചിരിക്കുകയാണ്. നേപ്പാളിൽ പോകാൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് മാത്രം മതി എന്നതിനാലാണ് പോകാൻ തീരുമാനിച്ചത്. അതുമെടുത്ത് ഞാൻ ഡൽഹി എയർപോർട്ടിലെത്തി. അവിടെ എമിഗ്രേഷൻ ക്ലിയറൻസ് ഡസ്കിൽ ചെന്നപ്പോൾ അവിടെയിരുന്ന ഉദ്യോഗസ്ഥൻ എന്റെ പേരിൽ കേസുകളെന്തെങ്കിലും ഉണ്ടോ എന്നന്വേഷിച്ചു. 380 കേസുകളുണ്ടെന്ന് ഞാൻ പറഞ്ഞു. ഈ കമ്പ്യൂട്ടറിൽ മുഴുവൻ നിങ്ങളുടെ കേസുകളുടെ വിവരങ്ങളാണ് വരുന്നത് എന്ന് ആ ഉദ്യോഗസ്ഥൻ ആശ്ചര്യത്തോടെ എന്നെ നോക്കിക്കൊണ്ട് പറഞ്ഞു. ഈ സാഹചര്യത്തിൽ ഇന്ത്യവിട്ടുപോകാൻ പറ്റില്ലെന്ന് പറഞ്ഞുകൊണ്ട് എന്നെ കൂടുതൽ ചോദ്യം ചെയ്യലുകൾക്കായി എമിഗ്രേഷൻ ഓഫീസിലേക്ക് കൊണ്ടുപോയി. ഏഴുമണിക്കൂറോളം കുറേ പോലീസുകാർ വന്ന് ചോദ്യം ചെയ്തു. അതിനിടയിൽ ഞാൻ പ്രശാന്ത് ഭൂഷൺ അടക്കമുള്ള പല പ്രമുഖ വ്യക്തിത്വങ്ങളെയും വിവരമറിയുകയും അവർ ഇടപെടുകയും ചെയ്തതിന്റെ ഫലമായാണ് ഞാൻ മോചിപ്പിക്കപ്പെട്ടത്. ഇത് ഒരൊറ്റപ്പെട്ട സംഭവമല്ല. മിക്ക ആക്ടിവിസ്റ്റുകളോടും ഭരണകൂടം ഇത്തരത്തിലാണ് പെരുമാറുന്നത്. അടുത്തിടെ പ്രിയ പിള്ളയ്ക്കും സമാനമായ അനുഭവമാണുണ്ടായത്. അവരെ എയർപോർട്ടിൽ തടയുകമാത്രമല്ല, ഇനി പുറത്തേക്ക് പോകാൻ കഴിയാത്ത വിധം അവരുടെ പാസ്പോർട്ടിൽ 'ഓഫ് ലോർഡഡ്' എന്ന് പതിക്കുകയും ചെയ്തു.

ഇന്റലിജൻസ് ബ്യൂറോ എന്നൊരു സംവിധാനമുണ്ട് നമ്മുടെ നാട്ടിൽ. അവർക്ക് എല്ലാമുണ്ട് എന്നാൽ ഇന്റലിജൻസ് മാത്രമില്ല എന്നതാണ് സ്ഥിതി. അമേരിക്കയിലെ ഒഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും എനിക്ക് പണം വരുന്നുണ്ടെന്ന് പറഞ്ഞ് അവർ ഒരു റിപ്പോർട്ട് പുറത്തുവിട്ടു. എന്നെക്കുറിച്ച് വലിയ തെറ്റിദ്ധാരണ പരത്തുക എന്നതായിരുന്നു ആ റിപ്പോർട്ടിന്റെ ഉദ്ദേശം. എന്താണ് വാസ്തവം? അമേരിക്കയിലെ കൊളംബസ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒഹിയോ യൂണിവേഴ്സിറ്റിയിലെ ക്രിവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ സ്റ്റഡി ഓഫ് റേസ് ആന്റ് എത്തിനിസിറ്റി എന്ന സ്ഥാപനത്തിന്റെ തലവനായ പ്രൊഫസറും ഞാനും തമ്മിൽ നല്ല ബന്ധമാണ്. അമേരിക്കയിലെ മിന്നസോട്ട യൂണിവേഴ്സിറ്റിയിൽ നിന്നുമാണ് ഞാൻ പി.എച്ച്.ഡി എടുക്കുന്നത്. അന്ന് അവിടെ എന്റെ ഗൈഡായിരുന്നു കറുത്തവർഗ്ഗക്കാരൻ കൂടിയായ ജോൺ പവൽ എന്ന ആ മനുഷ്യൻ. പഠനം പൂർത്തിയായതോടെ ഞാൻ നാട്ടിലേക്ക് മടങ്ങിവന്നു. ഇവിടെ പ്രത്യേകിച്ച് ജോലിയൊന്നുമില്ലാതെ നിൽക്കുമ്പോഴാണ് പ്രൊഫ. ജോൺ പവൽ എന്നെ വിളിക്കുന്നത്. ഒഹിയോ യൂണിവേഴ്സിറ്റിയിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നുണ്ടെന്നും അവിടെ ഗവേഷണം നടത്തുന്നതിനായി ഞാൻ വരണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം. അമേരിക്കയിലേക്ക് മടങ്ങിവരാൻ താത്പര്യമില്ലെന്ന് ഞാൻ പറഞ്ഞു. ഇവിടെ നിന്ന് ചെയ്യാൻ കഴിയുന്ന ജോലികൾ എന്തെങ്കിലുമുണ്ടെങ്കിൽ നോക്കാമെന്നും പറഞ്ഞു. അദ്ദേഹം അത് സമ്മതിക്കുകയും നാട്ടിലിരുന്ന് ചെയ്യാൻ കഴിയുന്ന ഗവേഷണ സഹായങ്ങൾ ഞാൻ അദ്ദേഹത്തിന് നൽകു




കയും ചെയ്തു. ഗവേഷണവും പഠനങ്ങളുമായിരുന്നു എനിക്ക് അറിയാവുന്ന ജോലി. അതിന് പ്രൊഫസർ എനിക്ക് പ്രതിഫലവും നൽകി. ആറ് വർഷം ജോലി ചെയ്തതുവഴി എനിക്ക് 25 ലക്ഷം രൂപ അവിടെ നിന്നും കിട്ടി. അതും അണ്ടർഗ്രൗണ്ടിലൂടെയൊന്നുമല്ല, ബാങ്ക് വഴി. അതിനെല്ലാം തെളിവുകളുണ്ട്. ഈ രേഖകളുടെ അടിസ്ഥാനത്തിലാണ് എനിക്ക് അമേരിക്കയിൽ നിന്നും പണം വരുന്നതായി ഐ.ബി റിപ്പോർട്ട് ചെയ്തത്. ആറ് വർഷം കൊണ്ട് 25 ലക്ഷം രൂപയാണ് ജോലി ചെയ്തതിന് പ്രതിഫലമായി എനിക്ക് കിട്ടിയത്. തമിഴ്നാട്ടിൽ ഒരു പഞ്ചായത്ത് മെമ്പർ ഒരു ദിവസം കൊണ്ട് 25 ലക്ഷം രൂപയുണ്ടാക്കും. പണം എന്തിന്, എങ്ങനെ എനിക്ക് കിട്ടി എന്നൊന്നും ഐ.ബി വ്യക്തമാക്കിയില്ല. ഏതോ എൻ.ജി.ഒയിൽ നിന്നും വിദേശഫണ്ട് കൈപ്പറ്റി എന്ന വിധത്തിലാണ് അവർ പ്രചരണം നടത്തിയത്. ഉടൻ മാധ്യമങ്ങൾ എനിക്ക് പിന്നാലെ കൂടി. കൂടംകുളത്ത് വൈദ്യുതോത്പാദനം തുടങ്ങിഎന്നുപറയുന്നത് സത്യമാണോ മിഥ്യയാണോ എന്നൊന്നും അന്വേഷിക്കാൻ മാധ്യമങ്ങൾക്ക് താത്പര്യമില്ല. എനിക്ക് വിദേശഫണ്ട് കിട്ടിയിട്ടുണ്ടോ എന്നറിയാൻ അവർക്ക് വലിയ തിടുക്കമാണ്. ഐ.ബിയുടെ ചുവടുപിടിച്ച് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിംഗും വിദേശഫണ്ട് ലഭിച്ചിട്ടുണ്ടെന്ന് ആരോപിച്ചു. ഞാൻ അദ്ദേഹത്തിന് വക്കീൽ നോട്ടീസ് അയച്ചു. അതിന് പിന്നീട് മറുപടിയൊന്നുമുണ്ടായില്ല. വിദേശഫണ്ട് ആരോപണത്തെക്കുറിച്ച് ചോദിക്കുന്നതിനായി ടൈംസ് നൗവിന്റെ അർണാബ് ഗോസ്വാമി എന്നെ അവരുടെ പ്രൈംടൈം ന്യൂസിലേക്ക് വിളിച്ചു. 25 ലക്ഷം രൂപ കിട്ടിയത് സത്യമാണോ എന്നായിരുന്നു അയാൾക്ക് അറിയേണ്ടിയിരുന്നത്. ആറ് വർഷം ജോലി ചെയ്തതിലൂടെ എനിക്ക് കിട്ടിയ പ്രതിഫലമാണ് 25 ലക്ഷം രൂപ. നിങ്ങൾക്ക് ഒരു ദിവസം എത്രരൂപ ശമ്പളം കിട്ടുന്നുണ്ടെന്ന് പരസ്യമായി പറയാമോ എന്ന് ഞാൻ തിരിച്ച് അയാളോട് ചോദിച്ചു. അതോടെ ചോദ്യം ചെയ്യൽ തീർന്നു. ദിവസവും ലക്ഷക്കണക്കിന് രൂപ ശമ്പളം വാങ്ങുന്നവരാണ് വിദേശഫണ്ട് വാങ്ങിയെന്ന് ആരോപിച്ച് എന്നെ ചോദ്യം ചെയ്യാൻ വരുന്നത്.

എന്തായാലും, ഞാൻ ആസ്തികൾ പരസ്യമായി വെളിപ്പെടുത്തിയതോടെ ആ വിവാദങ്ങളെല്ലാം കെട്ടടങ്ങി. അങ്ങനെയിരിക്കുമ്പോഴാണ് അടുത്തിടെ ഇന്ത്യൻ എക്പ്രസ് പത്രത്തിന്റെ മുൻ പേജിൽ ഒരു വാർത്ത വരുന്നത്. ബംഗാളിൽ നടന്ന ശാരദാ ചിട്ടിതട്ടിപ്പ് സംഘം വഴി കൂടംകുളം സമരത്തിന് അഞ്ച് കോടി കിട്ടി എന്നാണ് വാർത്ത. സിസിർ അധികാരി, സുബന്ധു അധികാരി എന്നീ രണ്ട് ത്രിണമൂൽ കോൺഗ്രസ് എം.പിമാർ വഴിയാണ് കിട്ടിയതെന്നും വാർത്തയിൽ പറയുന്നുണ്ട്. ഈ എം.പിമാർ ആരെന്നറിയുമോ? ബംഗാളിലെ ഹരിപൂർ എന്ന സ്ഥലത്ത് റഷ്യൻ റിയാക്ടർ ഉപയോഗിച്ചുള്ള ആണവനിലയം നിർമ്മിക്കുന്നതിനുള്ള ശ്രമം കുറേ നാളുകളായി നടക്കുന്നുണ്ട്. ആ സ്ഥലത്ത് നിന്നുള്ള എം.പിമാരാണ് ഈ അ

ച്ഛനും മകനും. ആണവനിലയത്തിന് എതിരായ സമരത്തിൽ സജീവമായി പങ്കെടുത്തിരുന്നവരാണ് ഇവർ. ശാരദാ ചിട്ടിത്തട്ടിപ്പിൽ ചില ത്രിണമൂൽ കോൺഗ്രസ് നേതാക്കന്മാർക്ക് പങ്കുണ്ടെന്ന വാർത്ത വന്നതോടെ, ഫണ്ട് കിട്ടിയെന്ന് അരോപിച്ച് ഹരിപൂർ-കൂടംകുളം സമരങ്ങളെ ഒരേ സമയം താറടിക്കാം എന്ന തന്ത്രമാണ് ഇന്ത്യൻ എക്സ്പ്രസ് പരീക്ഷിച്ചത്. ആരും വിശ്വസിച്ചുപോകുന്ന വിധത്തിൽ അവർ കഥകൾ മെനഞ്ഞു. പത്രക്കാരും ഐ.ബിയും മൻമോഹൻ സിംഗുമെല്ലാം കള്ളം പറയില്ലെന്നാണല്ലോ പൊതുവെയുള്ള ധാരണ.

പ്രിയ സുഹൃത്തുക്കളെ, നമ്മൾ ഇത്തരത്തിൽ പലവിധത്തിലുള്ള ഫാസിസത്തിന്റെ അടിയിൽപ്പെട്ട് അമർന്നുകൊണ്ടിരിക്കുകയാണ്. ഒരുപാട് സ്കൂളുകൾ കുട്ടികളോട് സംസാരിക്കുന്നതിനായി എന്നെ വിളിക്കാറുണ്ട്.

ഭരണകൂടം അഹിംസാത്മക സമരങ്ങളോട് ഈ സമീപനമാണ് തുടരുന്നതെങ്കിൽ ഭാവി തലമുറ ഇത്ര സമാധാനപരമായി ചിന്തിക്കുമെന്ന് തോന്നുന്നില്ല. കാരണം അവർ ഇന്ന് നടക്കുന്ന പല കാര്യങ്ങളിലും വല്ലാതെ അസ്വസ്ഥരാണ്. ഞാൻ അഹിംസയിൽ മാത്രമാണ് വിശ്വസിക്കുന്നത്. പക്ഷെ അടുത്തതലമുറ അങ്ങനെതന്നെ തുടരുമോ എന്ന കാര്യത്തിൽ എനിക്ക് ഇപ്പോൾ ഭയമുണ്ട്.

അവിടെ ചെല്ലുമ്പോൾ, കുട്ടികൾ ഇപ്പോൾ പതിവായി ചേദിക്കാറുള്ള ഒരു ചോദ്യം എന്നെ വല്ലാതെ വേദനിപ്പിക്കുന്നു. കൂടംകുളത്തിന്റെ അനുഭവങ്ങൾ പറയുമ്പോൾ ഇത്തരം അഹിംസാത്മക സമരങ്ങൾകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ എന്നതാണ് കുട്ടികൾ ചോദിക്കുന്നത്. നിങ്ങൾ ഈ രീതിയിൽ സമാധാനപരമായി സമരം ചെയ്തിട്ട് എന്തെങ്കിലും നടന്നോ? വയലൻസിലേക്ക് നീങ്ങുന്നതല്ലേ ഇതിലും നല്ലത് എന്നും അവർ ചോദിക്കുന്നു. കുട്ടികൾക്ക് ഈവിധം ചോദിക്കേണ്ടി വരുന്നതിൽ എനിക്ക് വല്ലാത്ത വേദനയുണ്ട്. ഭരണകൂടം അഹിംസാത്മക സമരങ്ങളോട് ഈ സമീപനമാണ് തുടരുന്നതെങ്കിൽ ഭാവി തലമുറ ഇത്ര സമാധാനപരമായി ചിന്തിക്കുമെന്ന് തോന്നുന്നില്ല. കാരണം അവർ ഇന്ന് നടക്കുന്ന പല കാര്യങ്ങളിലും വല്ലാതെ അസ്വസ്ഥരാണ്. ഞാൻ അഹിംസയിൽ മാത്രമാണ് വിശ്വസിക്കുന്നത്. പക്ഷെ അടുത്തതലമുറ അങ്ങനെതന്നെ തുടരുമോ എന്ന കാര്യത്തിൽ എനിക്ക് ഇപ്പോൾ ഭയമുണ്ട്. ഇക്കാര്യങ്ങളൊന്നും പറയാൻ മാധ്യമങ്ങളൊന്നും അവസരം തരാത്ത സ്ഥിതിയാണ് തമിഴ്നാട്ടിലുള്ളത്. പുരോഗമന-ഇടത് സ്വഭാവമുണ്ടെന്ന് അവകാശപ്പെടുന്ന ഹിന്ദുവിന്റെ കാര്യം തന്നെയെടുക്കാം. 'മൗണ്ട്റോഡ് മഹാവിഷ്ണു' എന്നാണ് ഞങ്ങൾ വിളിക്കുന്നത്. കൂടംകുളം സമരത്തിന്റെ വാർത്തകൾ അവർ ഒരിക്കലും കൊടുക്കാറില്ല. മറച്ചുവയ്ക്കാൻ കഴിയാത്ത സ്ഥിതിവന്നാൽ രണ്ടുവരി കൊടുക്കും. അവസാനം ഒരു വരിയുണ്ടാകും-ആന്റ് ഉദയകുമാർ ഈസ് സ്റ്റിൽ നോട്ട് അറസ്റ്റഡ്-എന്ന്. ഞാനിപ്പോഴും സ്വതന്ത്രമായി രാജ്യദ്രോഹവും ചെയ്ത് നടക്കുകയാണെന്നാണ് ദി ഹിന്ദു പറയുന്നത്. ഈ രീതിയിൽ വിഷലിപ്തമായ വാർത്തകളാണ് ദ ഹിന്ദു പോലും എപ്പോഴും എഴുതുന്നത്.

ജനാധിപത്യ രാജ്യത്ത് ജീവിക്കുന്ന ഒരാളെന്ന നിലയിൽ എന്റെ അവകാശങ്ങൾ സ്ഥിരമായി കവർന്നെടുക്കപ്പെടുന്നതിനെതിരെ ഞാൻ ഇന്ത്യൻ പ്രസിഡന്റിനെ നേരിൽ കണ്ട് പരാതികൊടുക്കാൻ ഡൽഹിയിൽ പോയി. അദ്ദേഹം വലിയ തിരക്കുള്ളയാളാണ്. നമ്മളെ പോലുള്ളവരെയൊന്നും കാണാൻ തീരെ സമയമില്ല. പ്രസിഡന്റിന്റെ പി.എയെപ്പോലും കാണാൻ കഴിയില്ല. ആ വലിയ കെട്ടിടത്തിന്റെ ഒരു മൂലയിലുള്ള ഒരു ചെറിയ മുറിയിൽ ഒരാൾ ഇരിക്കുന്നുണ്ട്. അയാളെക്കണ്ട് പരാതി കൈമാറാനാണ് എനിക്ക് അനുമതി കിട്ടിയത്. ഞാൻ കൊടുത്ത പരാതി വാങ്ങിവച്ച്, 'ശരി നോക്കാം' എന്നുമാത്രം പറഞ്ഞ് എന്നെ മടക്കി അയച്ചു. ഒരു മാസം കഴിഞ്ഞ് രാഷ്ട്രപതി ഭവനിൽ നിന്നും ഒരു മറുപടി കിട്ടി, എന്റെ പരാതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കൈമാറിയിരിക്കുന്നു എന്ന്. ഞാൻ കൊടുത്ത പരാതിക്ക് ഊർജ്ജ മന്ത്രാലയവുമായി ഒരു ബന്ധവുമില്ല. ഒരു പൗരൻ എന്ന നിലയിലുള്ള എന്റെ ജനാധിപത്യ അവകാശങ്ങൾ ഹനിക്കപ്പെടുന്നതിനെ കുറിച്ചായിരുന്നു പരാതി. ഊർജ്ജ മന്ത്രാലയത്തിന് അക്കാര്യത്തിൽ എന്താണ് ചെയ്യാനുള്ളത്. എന്തായാലും പരാതിയുടെ കാര്യത്തിൽ ഒരു തീരുമാനവും ഉണ്ടാകില്ലെന്ന് ഉറപ്പായി.

ഭരണകൂട സംവിധാനങ്ങളെല്ലാം ജനങ്ങളെ പേടിച്ചിരിക്കുകയാണ് ഇന്ന്. നമ്മളെയെ

ല്ലാം കാണുമ്പോൾ, അതാ ഭരണകൂടത്തെ അട്ടിമറിക്കുന്നതിനുള്ള വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നവർ വരുന്നു എന്നാണ് അവർക്ക് തോന്നുന്നത്. കള്ളം ചെയ്യുന്നവർക്കാണ് ഭയമുണ്ടാകുന്നത്. അവർ ചെയ്യുന്ന കള്ളങ്ങൾ നമ്മൾ കണ്ടെത്തുകയും വിളിച്ചു പറയുകയും ചെയ്യുന്നതുകൊണ്ടാണ് നമ്മളെ ഭയപ്പെടുന്നത്. ആ പേടിയാണ് ഫാസിസമായി മാറുന്നത്. കേരളീയത്തെ പേടിക്കുന്നതുകൊണ്ടാണ് അവർ കേരളീയത്തിൽ ഇരച്ചുകയറുന്നത്. നമുക്ക് എന്തുചെയ്യാൻ കഴിയും എന്നതാണ് പ്രധാനം. നമ്മളെ പല വിധത്തിൽ ഒറ്റപ്പെടുത്തി ദുർബലരാക്കുക എന്നതാണ് ഭരണകൂടത്തിന്റെ തന്ത്രം. അതിന് വഴങ്ങിക്കൊടുക്കാൻ പാടില്ല. തമിഴ്നാട്ടിൽ ജാതിയെല്ലാം വലിയ പ്രശ്നമാണ്. ജാതിയുടെ പേരിൽ ആളുകൾ വിഭജിച്ച് നിൽക്കുകയാണ്. ജാതിയില്ലെങ്കിൽ മതം വേർതിരിവുകളുണ്ടാക്കും. അത്തരം ഭിന്നതകൾ ഒഴിവാക്കി ഒരുമിച്ച് നിൽക്കാൻ കഴിയണം. പല തരത്തിലുള്ള വിയോജിപ്പുകൾ നമുക്കിടയിലുണ്ടാകാം. എന്നാൽ അതിനിടയിലും നമുക്കിടയിൽ സ്ഥിരമായ ഡയലോഗ് സ്പെയ്സ് ഉണ്ടാകണം. ഇതുപോലുള്ള സംഭാഷണങ്ങൾ, ചർച്ചകൾ ഇന്ത്യ മുഴുവൻ നടക്കണം. വീടുകൾക്കുള്ളിൽ നടക്കണം. രക്ഷിതാക്കൾ കുട്ടികളോടും കുട്ടികൾ രക്ഷിതാക്കളോടും ഈ അവസ്ഥയെക്കുറിച്ച് സംസാരിക്കണം. സ്കൂളുകളിൽ കോളേജുകളിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യപ്പെടണം. സംഭാഷണങ്ങൾ ഇല്ലാതാകുന്നിടത്താണ് ഫാസിസം ശക്തിപ്രാപിക്കുന്നത്.

കൂടംകുളം ആണവനിലയം ഒരു പരാജയപ്പെട്ട പദ്ധതിയാണ്. ഒരുപാട് നിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചാണ് യൂണിറ്റ് ഒന്ന് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ യൂണിറ്റ് ഒന്നിൽ അവർ പറയുന്ന തരത്തിലുള്ള വൈദ്യുതോത്പാദനം നടക്കുന്നില്ല. ഞങ്ങൾ സമരം തുടങ്ങിയ നാൾ മുതൽ കൂടംകുളം ഒരു വിജയകരമായ പദ്ധതിയാണെന്ന് പുറമെ കാണിക്കുന്നതിനുള്ള തിടുക്കത്തിലാണവർ. അതിനുവേണ്ടി കള്ളങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു. കുറച്ച് നാളുകൾക്ക് മുമ്പ് വ്ളാഡിമർ പുട്ടിൻ ഇന്ത്യ സന്ദർശിച്ചപ്പോഴാണ് കൊമേഷ്യൽ പവർ ജനറേഷൻ കൂടംകുളം യൂണിറ്റിൽ ഒന്നിൽ നിന്നും തുടങ്ങിയതായി അവർ പറയുന്നത്. ഇതിനിടയിൽ 9 മാസത്തിനിടയിൽ 35 കോടി രൂപയുടെ ഡീസൽ കൂടംകുളം ആണവനിലയം വാങ്ങിയിട്ടുണ്ട്. ഇത് വെറുതെ പറയുന്നതല്ല. ഞങ്ങളുടെ കൈയിൽ രേഖയുണ്ട്. അണുവിഘടനത്തിലൂടെ വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഒരു നിലയത്തിൽ എന്തിനാണ് ഇത്രയധികം ഡീസൽ എന്ന് ചോദിച്ചാൽ മറുപടിയില്ല. വിവരാവകാശ നിയമത്തിലൂടെ ചോദിച്ചപ്പോൾ ദേശീയ സുരക്ഷയെ ബാധിക്കുമെന്ന് പറഞ്ഞ് മറുപടി നിഷേധിച്ചു. എത്ര വോൾട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് എന്നതിനും വ്യക്തമായ മറുപടി അവർ പറയുന്നില്ല. കഴിഞ്ഞ വർഷം നവംബറിൽ കൂടംകുളത്ത് ഒരു പൊട്ടിത്തെറി നടന്നു. ബോയിലറിനുള്ളിൽ നിന്നും ചൂടുവെള്ളം പുറത്തേക്ക് വന്ന് അവിടെ പണിയെടുത്തുകൊണ്ടിരുന്നവർക്ക് 70 ശതമാനം പൊള്ളലേറ്റു എന്നാണ് അറിയുന്നത്. അവരെ ചെന്നൈയിലെ അപ്പോളോ ആശുപത്രിയിലേക്ക് കൊണ്ടുപോയി എന്നും പറയുന്നു. പിന്നീട് അവർക്ക് എന്തു സംഭവിച്ചു എന്നറിയില്ല. വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ മറുപടിയില്ല. കൊമേഷ്യൽ പവർ ജനറേഷൻ നടന്ന സമയത്ത് സ്വിച്ച് യൂണിറ്റിലെ ഒരു പ്രശ്നം കാരണം മെഷീൻ സ്വാഭാവികമായി നിന്നെന്നും അവർ പറയുന്നുണ്ട്. അതുതന്നെയാണ് കുറേ വർഷങ്ങളായി ഞങ്ങളും പറയുന്നത്. ഈ തട്ടിപ്പ് മെഷീൻ സ്വാഭാവികമായും നിൽക്കും. മെഷീൻ സപ്ലൈ ചെയ്തവർ റഷ്യയിൽ ജയിലിൽ കിടക്കുകയാണ്. ഇതെല്ലാം ചെറിയ പ്രശ്നങ്ങളാണെന്ന് പറഞ്ഞ് തള്ളിക്കളയുകയാണ് അധികൃതർ. ശരി, പ്രശ്നങ്ങളെല്ലാം പരിഹരിച്ച് ഇപ്പോൾ വീണ്ടും വൈദ്യുതോത്പാദനം തുടങ്ങിയത്രേ. എത്ര ഉത്പാദിപ്പിക്കുന്നുണ്ടെന്ന് ഞങ്ങൾ ചോദിച്ചപ്പോൾ സ്റ്റേഷൻ ഡയറക്ടർ ആയ ആർ.എസ്. സുന്ദരം പറഞ്ഞു 1000 മെഗാവാട്ട് എന്ന്. അടുത്തിടെ പത്മവിഭൂഷിതനായ ആണവശാസ്ത്രജ്ഞൻ എം.ആർ. ശ്രീനിവാസൻ പറഞ്ഞു 400 മെഗാവാട്ട് എന്ന്. അവർക്കുതന്നെ കൃത്യമായ ഒരു കണക്ക് പറയാൻ കഴിയുന്നില്ല. അടുത്തിടെ കേരളത്തിലെ ചില രാഷ്ട്രീയ നേതാക്കളുമായി ഞാൻ ചർച്ച നടത്തിയപ്പോൾ ഇതുവരെ കേരളത്തിന് കൂടംകുളത്ത് നിന്നും വൈദ്യുതി ലഭിച്ചിട്ടില്ലെന്ന് അവർ പറഞ്ഞു. 1000 മെഗാവാട്ട് ഉത്പാദിപ്പിച്ചാൽ ഒരു നിശ്ചിത വൈദ്യുതി കേരളത്തിന് കൈമാറുമെന്നാണ് പറഞ്ഞിരുന്നത്. അതെല്ലാം എവിടെപ്പോയി? ഇതിനൊന്നും മറുപടിയില്ലാത്തതുകൊണ്ടാണ് അധികൃതർ കള്ളം പറയുകയാണ് എന്ന് ഞാൻ പറയുന്നത്. ഫാസിസ്റ്റ് വികസനത്തിന്റെ രീതിയാണത്. അത് ഒരി

ക്കലും സുതാര്യമാവുകയില്ല. കുറേ ടെക്നോക്രാറ്റുകൾക്ക് ഈ വിധത്തിൽ കള്ളം പറയാൻ കഴിയുന്നു എന്നത് വലിയ അപകടത്തിന്റെ സൂചനയാണ്. ഭോപ്പാലിൽ സംഭവിച്ചത് കൂടംകുളത്ത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ഇന്ത്യയിലെ ഏറ്റവും വലിയ ആണവനിലയം കൂടംകുളമാണ്. ഏറ്റവും അപകട സാധ്യതയുള്ളതും ഇതുതന്നെയാണ്. മാത്രമല്ല ഇറക്കുമതി ചെയ്യപ്പെട്ട ആദ്യത്തെ നിലയമാണ് കൂടംകുളം. നമ്മുടെ ഊർജ്ജ വിധേയത്വത്തിന്റെ കൂടി പ്രതീകമാണത്. റിയാക്ടറുകൾ മാത്രമല്ല, യുറേനിയവും ഇന്ത്യ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുകയാണ്. കസാക്കിസ്ഥാൻ, നമീബിയ, സൗത്ത് കൊറിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളുമായെല്ലാം യുറേനിയം ഇറക്കുമതി ചെയ്യുന്നതിനുള്ള കരാറിൽ ഒപ്പിട്ടുകഴിഞ്ഞു. വലിയ കമ്മീഷൻ കിട്ടുന്ന കോടികളുടെ കച്ചവടമാണ് ഇതെല്ലാം. അതുകൊണ്ടുതന്നെ ഇടയ്ക്കിടെ കോട്ടുമാറുന്ന നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർക്ക് ഈ കോൺട്രാക്ടുകൾ നടക്കേണ്ടത് അത്യാവശ്യമാണ്.

2011 സെപ്തംബറിൽ ലഭിച്ച വിവരമനുസരിച്ച് 13000 കോടി രൂപയായിരുന്നു കൂടംകുളം പ്ലാന്റിന്റെ മതിപ്പു വില. 2012ൽ അത് 17000 കോടി രൂപയായി ഉയർന്നു. 4000 കോടി എങ്ങനെയാണ് പെട്ടെന്ന് കൂടിയത്. ഞങ്ങൾ സമരം ചെയ്തതുകൊണ്ടാണ് കൂടിയതെന്ന് നാരായണ സ്വാമിയെപ്പോലുള്ളവർ പറഞ്ഞു. ഞങ്ങൾ വിവരാവകാശ നിയമപ്രകാരം എഴുതി ചോദിച്ചു. അത് ഐ.ഡി.സി, അതായത് ഇന്ററസ്റ്റ് ഡ്യൂറിംഗ് കൺസ്ട്രക്ഷൻ ആണെന്നാണ് മറുപടി കിട്ടിയത്. പണി നടന്നുകൊണ്ടിരിക്കുമ്പോൾ പലിശ കൂടി. 13000 കോടിക്ക് 4000 കോടി ഇന്ററസ്റ്റ് വരുന്നതെങ്ങിനെയെന്ന് ഞങ്ങൾക്ക് മനസ്സിലായില്ല. ഇപ്പോൾ കൂടംകുളത്ത് മൂന്നും നാലും നിലയങ്ങൾ പണിയാൻ പോവുകയാണ്. 4000 കോടി രൂപയാണ് അതിന്റെ എസ്റ്റിമേറ്റ് തുക. ഞങ്ങൾ ഞെട്ടി. എങ്ങനെയാണ് രണ്ട് വർഷത്തിനിടയിൽ ഇത്രയധികം വില കൂടിയത്. ആണവ ബാധ്യതാ നിയമം കൊണ്ടുവന്നതുകൊണ്ടാണ് വില കൂടിയതെന്നാണ് കമ്പനിയുടെ വിശദീകരണം. എന്തായാലും വ്യക്തമായ ഉത്തരം കിട്ടുന്നതിനായി ഞങ്ങൾ വിവരാവകാശ നിയമപ്രകാരം എഴുതി ചോദിച്ചിട്ടുണ്ട്.

നിത്യജീവിതത്തിലെ പ്രശ്നങ്ങൾ കാരണം സാമാന്യജനങ്ങൾക്ക് ഇത്തരം വിഷയങ്ങളൊന്നും ശ്രദ്ധിക്കാൻ സമയം കിട്ടുന്നുണ്ടാകില്ല. ശ്രദ്ധിച്ചു കഴിഞ്ഞാൽ വലിയ പ്രശ്നമാണ്. നമ്മളെ ഭരിക്കുന്നവർ ഈ നാട്ടിൽ നടത്തിക്കൊണ്ടിരിക്കുന്ന വലിയ കൊള്ളയുടെ തെളിവുകൾ നമുക്ക് മുന്നിലേക്ക് വരും. ദിവസവും രണ്ട് നേരം ഭക്ഷണം കഴിക്കാൻ ശേഷിയില്ലാത്ത 60 കോടി ജനങ്ങൾ ജീവിക്കുന്ന ഒരു രാജ്യത്താണ് ഇതെല്ലാം നടക്കുന്നതെന്ന് നമ്മൾ അറിയും. എന്തായാലും ഇക്കാര്യങ്ങൾ ഇപ്പോൾ തിരിച്ചറിയുന്ന കൂടംകുളത്തെ ജനങ്ങൾ അവരുടെ സമരവുമായി മുന്നോട്ട് പോവുകയാണ്. മൂന്നും നാലും റിയാക്ടറുകൾ വരാൻ അനുവദിക്കരുത് എന്നതിൽ കേരളത്തിന്റെ സഹകരണവും ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. തമിഴ്നാട്ടിലെ രാഷ്ട്രീയ പാർട്ടികൾ ഇക്കാര്യത്തിൽ സഹകരിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. സ്വന്തം അഴിമതി കേസ് നടത്താൻ പോലും അവർക്ക് സമയം തികയുന്നില്ല.

തേനി ജില്ലയിലെ പെട്ടിപ്പുറം എന്ന സ്ഥലത്ത് പശ്ചിമഘട്ട മലനിരകളിൽ 2000 മീറ്റർ ആഴമുള്ള ഒരു തുരങ്കം നിർമ്മിച്ച് ഒരു കണികാ പരീക്ഷണം നടത്താൻ പോകുന്നുണ്ട്. അമേരിക്കയിലെ ഫെർമിലാബാണ് പരീക്ഷണം നടത്താൻ പോകുന്നത്. സയൻസ് വേണ്ട എന്നല്ല പറയുന്നത്. സയൻസ് സയൻസിന് വേണ്ടിയാകരുത്, ജനങ്ങൾക്കു വേണ്ടിയാകണം. അവിടെ നിർമ്മിക്കാൻ പോകുന്ന കണികാ പരീക്ഷണശാല ജനങ്ങൾക്ക് വേണ്ട സയൻസല്ല, സ്റ്റേറ്റിന് വേണ്ടിയുള്ളതാണ്. മാത്രമല്ല ആണവനിലയങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഭൂഗർഭ അറയിൽ നിക്ഷേപിക്കുന്നതിന് വേണ്ടി നിർമ്മിക്കുന്ന തുരങ്കമാണത്. ആ വസ്തുത മറച്ചുവച്ചുകൊണ്ടാണ് കണികാ പരീക്ഷണം എന്നെല്ലാം പറയുന്നത്. പശ്ചിമഘട്ട മലനിരകളിൽ തന്നെയാണ് ഇതും വരുന്നത്. സൈലന്റ്‌വാലി സംരക്ഷിച്ച ചരിത്രമുള്ള സ്ഥലമാണ് കേരളം. സൈലന്റ്‌വാലി സമരം നടക്കുന്ന കാലത്ത് ഡോ. അയ്യപ്പപണിക്കരുടെ ശിഷ്യത്വത്തിൽ ഞങ്ങൾ തിരുവനന്തപുരത്ത് പഠിക്കുകയാണ്. അദ്ദേഹമാണ് ഞങ്ങൾക്ക് പരിസ്ഥിതി ബോധം പകർന്നുതരുന്നത്. ആ ചരിത്രം ഓർമ്മിച്ചുകൊണ്ട് കേരളം ഇക്കാര്യത്തിൽ മുന്നോട്ടുവരണം. ഫാസിസ്റ്റ് ആണവ പദ്ധതികൾക്കെതിരായ സമരത്തിൽ നാം ഉറച്ചുനിൽക്കേണ്ട സാഹചര്യമാണുള്ളത്. ഭയം തോന്നേണ്ട ആവശ്യമില്ല. തെറ്റുചെയ്തവർക്കാണ് ഭയക്കാനുള്ളത്. നമ്മൾ സത്യത്തിലും നീതിയിലും അടിയുറച്ചു നിൽക്കുന്നവരാണ്. ഭയമില്ലാതെ നമുക്ക് പോരാടാം.■